## കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം 2020

## കോളേജ് പ്രവേശനം 22.09.2020 മുതൽ 05.10.2020 വരെ

## നിർദ്ദേശങ്ങൾ

1. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് രണ്ടാം അലോട്ട്മെന്റ് പരിശോധിക്കുക. ഒന്നാം അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടച്ചിട്ടില്ലാത്തവർ രണ്ടാം അലോട്ട്മെന്റിൽ ഉൾപ്പെടുന്നതല്ല. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടയ്ക്കണം. ഒന്ന്, രണ്ട് ഘട്ട അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർക്ക് പ്രൊഫൈലിൽ നിന്ന് അലോട്ട്മെന്റ് മെമോ ഡൗൺലോഡ് ചെയ്യാൻ സാധിക്കും. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്തു തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. **അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്തു തന്നെ കോളേജിൽ ഹാജരാകാൻ ശ്രദ്ധിക്കുക.** ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

2. താത്കാലിക അഡ്മിഷൻ : മുൻ വർഷങ്ങളിൽ നിന്നും വിഭിന്നമായി താത്കാലിക അഡ്മിഷനുള്ള അവസരം ഇത്തവണ നടപ്പാക്കിയിട്ടുണ്ട്. മൂന്നാമത്തെ അലോട്ട്മെന്റ് വരെയാണ് വിദ്യാർത്ഥികൾക്ക് ഇത് ലഭ്യമാവുന്നത്. രണ്ടാം അലോട്ട് മെന്റിലും മൂന്നാം അലോട്ട്മെന്റിലും അഡ്മിഷൻ ലഭിക്കുന്നവർക്ക് ആവശ്യമെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ച രസീത്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സമർപ്പിച്ച് താൽക്കാലിക അഡ്മിഷൻ എടുക്കാവുന്നതാണ്. Temporary Admission എടുക്കുന്ന വിദ്യാർത്ഥി കോളേജിൽ ഒടുക്കേണ്ട ഫീസുകൾ നൽകേണ്ട ആവശ്യമില്ല. എന്നാൽ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. കോളേജ് അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് Temporary Admission / Permanent Admission തിരഞ്ഞെടുക്കാവുന്നതാണ്. മൂന്നാമത്തെ അലോട്ട്മെന്റ് വരെ മാത്രമേ ഈ സൗകര്യം ലഭ്യമാവുകയുള്ളൂ. അതിനു ശേഷം വരുന്ന അലോട്ട്മെന്റിൽ വിദ്യാർത്ഥി കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. മുൻപ് Temporary Admission എടുത്ത വിദ്യാർത്ഥിക്ക് നാല് മുതൽ ഉള്ള അലോട്ട്മെന്റിൽ മാറ്റം ഇല്ലെങ്കിൽ കോളേജിലെ ആവശ്യമായ ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്.

3. **കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴുവൻ വിദ്യാർഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കണം. ആൾക്കൂട്ടം ഒഴിവാക്കുന്നതിന് വേണ്ടി അഡ്മിഷൻ സമയത്ത് വിദ്യാർഥിയോടൊപ്പം ഒരാളെ മാത്രമേ കോളേജിനുള്ളിൽ പ്രവേശിപ്പിക്കുകയുള്ളൂ. Covid - 19 മഹാമാരിയുമായി ബന്ധപ്പെട്ട് ചികിത്സയിലോ ക്വാറന്റീനിലോ ഉള്ള വിദ്യാർഥികൾ അഡ്മിഷൻ എടുക്കുന്നതിനു വേണ്ടി കോളേജ് പ്രിൻസിപ്പാളുമായി ഫോണിൽ ബന്ധപ്പെട്ട് സൗകര്യപ്രദമായ തീയതി ഉറപ്പിക്കേണ്ടതാണ്.**